# *അല്ലാഹുവിന്റെ സിംഹാസനാരോഹണം*

**ഗ്രന്ഥകർത്താവ്:** *ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ* ( رَحِمَهُ اللهُ )

**ഗ്രന്ഥം:** **فتح رب ا لـ ية بتلخيص ا حموية**

**വിവർത്തനം:** *ഹംസ ജമാലി*

ആരോഹണം ചെയ്യുക എന്നർഥം നല്കിയ الاستواء എന്നത് പരിപൂർണതയെ കുറിക്കുന്ന വ്യത്യസ്ത അർഥങ്ങളിൽ പറയാറുണ്ട്. ഖുർആനിൽ ഇത് മൂന്ന് രീതിയിൽ വന്നിട്ടുണ്ട്.

1. ആ പദം വേറെ ഒന്നുമായി ചേർന്നുവരാതെ നിരുപാധികം പറയൽ. സൂറത്തുൽ ഖസസിലെ 14ാം വചനത്തിൽ വന്നപോലെ. അല്ലാഹു പറയുന്നു:

وَلَمَّا بَلَغَ أَشُدَّهُۥ وَٱسۡتَوَىٰٓ

''അങ്ങനെ അദ്ദേഹം (മൂസാ നബി (عليه السلام)) ശക്തിപ്രാപിക്കുകയും പാകത എത്തുകയും ചെയ്തപ്പോൾ'' അതായത് പൂർണമായപ്പോൾ,

2. 'ലേക്ക്' എന്നർഥം വരുന്ന إلى എന്നതിനോട് ചേർന്നുകൊണ്ട്. അല്ലാഹു പറയുന്നു:

ثُمَّ ٱسۡتَوَىٰٓ إِلَى ٱلسَّمَآءِ

''പുറമെ അവൻ ആകാശത്തിന്റെ നേർക്ക് തിരിഞ്ഞു.'' (അൽഫുസ്സിലത്:11) അതായത് പൂർണമായ ഉദ്ദേശ്യത്തോടെ.

3. 'മുകളിൽ' എന്നർത്ഥം വരുന്ന على എന്നതിനോട് ചേർന്നുകൊണ്ട് അല്ലാഹു പറയുന്നു:

لِتَسۡتَوُۥاْ عَلَىٰ ظُهُورِهِ

''അവയുടെ പുറത്ത് നിങ്ങൾ ഇരിപ്പുറപ്പിക്കുവാനും...'' (അസ്സുഖ്റൂഫ്:13) അപ്പോൾ അതിന്റെ അർത്ഥം **ഔന്നത്യവും (العلوّ) സ്ഥിരതയുമാണ് (الاستقرار)**. ഇവിടെ അല്ലാഹു അവന്റെ അർശിൽ ഇസ്തവാ ചെയ്തിരിക്കുന്നു എന്നതിന്റെ അർത്ഥം അവന്റെ മഹത്വത്തിന് നിരക്കുന്ന രീതിയിൽ അതിന്മേൽ (സിംഹാസനത്തിന്മേൽ) ആരോഹിതനായിരിക്കുന്നുവെന്നാണ്. ഇത് വിശുദ്ധഖുർആനും സുന്നത്തും ഇജ്മാഉം വ്യക്തമാക്കിയ അല്ലാഹുവിന്റെ കർമപരമായ (الفعليةِ) വിശേഷണമാകുന്നു.

**ഖുർആനിൽ നിന്നുള്ള തെളിവ്**

അല്ലാഹു പറയുന്നു:

ٱلرَّحْمَـٰنُ عَلَى ٱلْعَرْشِ ٱسْتَوَىٰ

പരമകാരുണ്യകൻ സിംഹാസനാരോഹിതനായിരിക്കുന്നു. (ത്വാഹാ:5)

**സുന്നത്തിൽ നിന്നുള്ള തെളിവ്**

ഖല്ലാൽ തന്റെ السنة എന്ന ഗ്രന്ഥത്തിൽ ഇമാം ബുഖാരിയുടെ നിബന്ധനയെന്ന സ്വഹീഹായ പരമ്പരയിലൂടെ ഉദ്ധരിക്കുന്നു.

ഖതാദ ഇബ്നു നുഅ്മാൻ (رضي الله عنه) നിവേദനം, നബി(ﷺ) ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു.

لما فرغ الله من خلقه استوى على عرشه

'അല്ലാഹു സൃഷ്ടിപ്പിൽ നിന്നും വിരമിച്ചപ്പോൾ അവന്റെ സിംഹാസനത്തിൽ ആരോഹിതനാകുകയുണ്ടായി'. ഇത്, ഇബ്നുൽഖയ്യിം (رحمه الله) തന്റെ اجتماع الجيوش الإسلامية എന്ന ഗ്രന്ഥത്തിൽ പേ: 34ൽ പറയുന്നുണ്ട്. (മുഖ്തസറുൽ ഉലുവ്:1/75)

ശൈഖ് അബൂമുഹമ്മദ് അബ്ദുൽഖാദിർ ജീലാനി (رحمه الله) പറയുന്നു:

إنه مذكور في كل كتاب أنزله الله على كل نبي

അല്ലാഹു സിംഹാസനാരോഹിതനാണെന്നത് എല്ലാ പ്രവാചകന്മാർക്കും അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളിൽ പറയപ്പെട്ട കാര്യമാകുന്നു.

അല്ലാഹു 'അർശിൽ' ആരോഹണം ചെയ്തുവെന്നതിൽ അഹ്ലുസ്സുന്നത്തിവൽജമാഅക്കിടയിൽ തർക്കമില്ല. അവരിലൊരാളും അല്ലാഹു സിംഹാസനാരോഹിതനല്ല എന്ന് പറഞ്ഞിട്ടേയില്ല. അങ്ങനെ അവർ പറഞ്ഞതായി അടിസ്ഥാനപരമായി ഒരാൾക്കും ഉദ്ധരിക്കാൻ സാധ്യവുമല്ല.

ഇമാം മാലിക് (رحمه الله)യോട് ഒരാൾ ഇവ്വിഷയകമായി ചോദിക്കുകയുണ്ടായി. അല്ലയോ അബൂ അബ്ദില്ല الرحمن على العرش استوى (പരകാരുണികൻ സിംഹാസനത്തിൽ ആരോഹിതനാണ്) എങ്ങനെയാണ് ആരോഹിതനായത്? ഉടനെ അദ്ദേഹം വിയർത്തുകുളിച്ച് തല താഴോട്ടാക്കി നിശ്ശബ്ദനായിരുന്നു. പിന്നീട് പറഞ്ഞു:

الاستواء غير مجهول، والكيف غير معقول، والإيمان به واجب، والسؤال عنه بدعة، وما أراك إلا مبتدعاً

'ആരോഹിതനാകുക എന്നത് സുവ്യക്തം. അതിന്റെ രൂപം അജ്ഞാതവുമാണ്. അതിൽ വിശ്വസിക്കലാകട്ടെ നിർബന്ധവുമാകുന്നു. അതിനെക്കുറിച്ച് ചോദിക്കുന്നത് ബിദ്അത്താണ്. നിന്നെയൊരു ബിദ്അത്തുകാരനായിട്ടല്ലാതെ ഞാൻ കാണുന്നില്ല.' ശേഷം അയാളെ അദ്ദേഹത്തിന്റെ സദസ്സിൽ നിന്നും പുറത്താക്കാൻ കൽപിക്കുകയും ചെയ്യുകയുണ്ടായി.

ഇപ്രകാരം ഇമാം മാലിക് (رحمه الله)യുടെ മകൻ റബീഅയിൽ നിന്നും ഉദ്ധരിക്കപ്പെട്ടിരിക്കുന്നു.

ഇവിടെ ഇമാം അവർകൾ പറഞ്ഞ الاستواء غير مجهول (ആരോഹിതനാവുക എന്നത് അറിയപ്പെടാത്തതല്ല) എന്നതിന്റെ ഉദ്ദേശ്യം ഭാഷയിൽ അതിന്റെ അർത്ഥം അറിയപ്പെടാത്തതല്ല എന്നാകുന്നു. ഇസ്തിവാഅ് എന്നാൽ ഭാഷയിലതിന്റെ അർത്ഥം ഔന്നത്യവും സ്ഥിരീകരണവുമാണ്.

والكيف غير معقول (അതിന്റെ രൂപം അജ്ഞാതവുമാണ്) എന്നതിന്റെയർത്ഥം നമ്മുടെ അറിവും യുക്തിയും ബുദ്ധിയും വെച്ചുകൊണ്ട് സർവ ചരാചരങ്ങളുടെയും സ്രഷ്ടാവായ അല്ലാഹു എങ്ങനെയാണ് സിംഹാസനത്തിൽ ആരോഹിതനാകുന്നതെന്ന് നമുക്കറിയാൻ സാധ്യമല്ല. അതു നമുക്കറിയാൻ കഴിയുക അല്ലാഹുവിന്റെ പ്രവാചകന്റെ നാവിൽ നിന്നുള്ള അധ്യാപനം കൊണ്ട് മാത്രമാണ്. അല്ലാഹു ആരോഹിതനാകുന്നതിന്റെ രൂപം പ്രവാചകനിൽ നിന്ന് ഉദ്ധരിക്കപ്പെട്ടിട്ടില്ലതാനും. ബുദ്ധിപരവും പ്രമാണവുമായ ഈ രണ്ടു തെളിവുകളും ഇല്ലാതായാൽ പിന്നെ അത് അജ്ഞാതവുമായിത്തീരുന്നു. അതുകൊണ്ടുതന്നെ അതിനെക്കുറിച്ച് മൗനംദീക്ഷിക്കൽ നിർബന്ധമാകുന്നു.

الإيمان به واجب (അതിൽ വിശ്വസിക്കലാകട്ടെ നിർബന്ധമാകുന്നു) അല്ലാഹു അവന്റെ മഹത്വത്തിന് നിരക്കുന്ന രീതിയിൽ സിംഹാസനത്തിൽ ആരോഹിതനാകുന്നുവെന്ന് നാം വിശ്വസിക്കൽ നിർബന്ധണാണ്. കാരണം അല്ലാഹു അവനെക്കുറിച്ച് അവൻ സിംഹാസനാരോഹിതനാകുന്നുവെന്ന് പറയുന്നു. അതിനാൽ അത് അംഗീകരിക്കലും വിശ്വസിക്കലും നിർബന്ധമാണ്.

والسؤال عنه بدعة (അതിനെക്കുറിച്ച് ചോദിക്കുന്നത് ബിദ്അത്താകുന്നു) അല്ലാഹു സിംഹാസനാരോഹിതനായതിന്റെ രൂപം അന്വേഷിക്കൽ ബിദ്അത്താകുന്നു. നബി(ﷺ) യുടെയോ അവിടുത്തെ അനുചരന്മാരുടെയോ കാര്യങ്ങളിൽ ഇത്തരം ഒരു ചോദ്യമുണ്ടാ യിട്ടില്ല.

അല്ലാഹുവിന്റെ സിംഹാസനാരോഹണത്തെനെക്കുറിച്ച് ഇമാം മാലിക് (رحمه الله) പറഞ്ഞ ഈ പൊതു അളവുകോലിലൂടെയാണ് ഖുർആനിലും പ്രവാചകന്റെ നാവിലൂടെയും അല്ലാഹുവിനുള്ളതായി സ്ഥിരപ്പെട്ട എല്ലാ ഗുണവിശേഷണങ്ങളെക്കുറിച്ചും നാം വിശ്വസിക്കേണ്ടത്. അവയുടെ ഭാഷാപരമായ അർത്ഥം നമുക്ക് അറിയാവുന്നതാണ് എന്നാൽ അവയുടെ രൂപമെന്താണെന്ന് (كيفية) നമുക്ക് അജ്ഞാതമാകുന്നു. എന്തുകൊണ്ടെന്നാൽ പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിന്റെ ഗുണവിശേഷണങ്ങളെക്കുറിച്ച് അവൻ നമുക്ക് അറിയിച്ചുതന്നിട്ടുണ്ട്. എന്നാൽ അവയുടെ രൂപമെന്താണെന്ന് (كيفية) അവൻ നമുക്ക് അറിയിച്ചുതന്നിട്ടില്ല. മാത്രവുമല്ല അല്ലാഹുവിന്റെ ഗുണവിശേഷണങ്ങളിലുള്ള ചർച്ച അല്ലാഹുവിന്റെ സത്തയിലുള്ള (ذات) ചർച്ചയുടെ ഭാഗം തന്നെയാകുന്നു. യാതൊരു രൂപസങ്കൽപവുമില്ലാതെ അല്ലാഹുവിന്റെ സത്തയെ നാം അംഗീകരിക്കുന്നുവെങ്കിൽ അത് അവന്റെ ഗുണവിശേഷണങ്ങളുടെ കാര്യത്തലും രൂപസങ്കൽപമില്ലാതെ അംഗീകരിക്കേ ണ്ടതാകുന്നു.

ചില പണ്ഡിതന്മാർ പറയുകയുണ്ടായി: അല്ലാഹു ഒന്നാനാകാശത്തേക്ക് ഇറങ്ങിവരും. എങ്ങനെയാണ് ഇറങ്ങുക? എന്ന് അല്ലാഹുവിന്റെ ഗുണവിശേഷണങ്ങളെ നിരാകരിക്കുന്ന

ജഹ്മിയാക്കളിലാരൊൾ നിന്നോട് ചോദിക്കുകയാണെങ്കിൽ, അല്ലാഹു ഇറങ്ങുമെന്ന് നമുക്ക് അറിയിച്ചുതന്നിരിക്കുന്നു എന്നാൽ എങ്ങനെയാണിറങ്ങുക എന്ന് നമുക്ക് അറിയിച്ചു തന്നിട്ടില്ല എന്നാണവരോട് നീ പറയേണ്ടത്.

വേറെ ചില പണ്ഡിതന്മാർ പറയുകയുണ്ടായി: അല്ലാഹുവിന്റെ ഗുണങ്ങളിൽ ഏതെങ്കിലു മൊരു വിശേഷണത്തെക്കുറിച്ച് അതിന്റെ രൂപം എങ്ങനെയാണ്? എന്ന് ജഹ്മിയാക്കളി ലൊരാൾ ചോദിക്കുകയാണെങ്കിൽ ചോദ്യകർത്താവിനോട് അല്ലാഹുവിന്റെ സത്തയുടെ രൂപം എങ്ങനെയാണ്? എന്നു ചോദിക്കേണ്ടതാകുന്നു. ഒരിക്കലും അയാൾക്ക് അല്ലാഹുവിന്റെ സത്തയെ രൂപപ്പെടുത്താൻ സാധിക്കുകയില്ല. തൽസമയം ചോദ്യ കർത്താവിനോട് പറയുക അല്ലാഹുവിന്റെ സത്തയെ രൂപപ്പെടുത്താൻ സാധ്യമല്ല എന്നതു പോലെത്തന്നെ അവന്റെ വിശേഷണങ്ങളെയും രൂപപ്പെടുത്താൻ സാധ്യമല്ല തന്നെ. എന്തുകൊണ്ടെന്നാൽ വിശേഷണം വിശേഷ്യത്തെ അനുഗമിക്കുന്നതാകുന്നു.

അല്ലാഹു അർശിനു മുകളിൽ ആരോഹിതനായിരിക്കുകയാണെങ്കിൽ നിർബന്ധമായും അവൻ സിംഹാസനത്തേക്കാൾ ഒന്നുകിൽ വലിയവനായിരിക്കണം അതല്ലെങ്കിൽ ചെറുതോ അതുമല്ലെങ്കിൽ അതിനോട് തുല്യ വലുപ്പമുള്ളവനോ ആയിരിക്കേണ്ടതായിവരും. അങ്ങനെയാണെങ്കിൽ അല്ലാഹുവിന് ദേഹമുണ്ടെന്ന് അംഗീകരിക്കേണ്ടിവരും. അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ദേഹമുണ്ടാകുക എന്നത് അസംഭവ്യമാകുന്നു എന്ന് വല്ലവരും പറയുകയാണെങ്കിൽ, അതിനുള്ള മറുപടി ഇതാകുന്നു. അല്ലാഹു സിംഹാസനത്തേക്കാൾ എന്നല്ല എല്ലാറ്റിനേക്കാളും വലിയവനാകുന്നുവെന്നതിൽ സംശയമില്ല. പക്ഷേ ഇതുകൊണ്ട് നിരർഥകമായ വല്ലതും അല്ലാഹുവിനുണ്ടെന്ന് വരുന്നില്ല.

''അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ദേഹമുണ്ടാകുക എന്നത് അസംഭവ്യമാകുന്നു'' എന്ന വാക്കിനെ സംബന്ധിച്ച് പറയാനുള്ളത് അല്ലാഹുവിന് ദേഹമുണ്ട് എന്ന് സ്ഥിരീകരിക്കലും നിഷേധിക്കലും ഖുർആനിലോ സുന്നത്തിലോ പൂർവസൂരികളുടെ വചനങ്ങളിലോ ഇല്ലാത്ത ബിദ്അത്താകുന്നു. യഥാർത്ഥത്തിൽ അല്ലാഹുവിന്റെ ദേഹം (الجسم) എന്ന വചനം വിശദീകരണം ആവശ്യമായ ഒന്നാണ്.

ഒരു അവയവം മറ്റേതിനെ ആശ്രയിക്കുന്ന രീതിയിലുള്ള അവയവ ഘടനയിലാണ് അല്ലാഹുവിന്റെ ദേഹം (الجسم) എന്നാരെങ്കിലും ഉദ്ദേശിക്കുന്നുവെങ്കിൽ അജയ്യനും എല്ലാം നിയന്ത്രിക്കുന്നവനുമായ അല്ലാഹുവിന് ചേരാത്തതാണെന്നതിൽ സംശയത്തിന്നവകാശമില്ല. മറിച്ച് അല്ലാഹുവിന്റെ മഹത്വത്തിന് യോജിക്കുന്ന നിലയിലുള്ള ദേഹത്തെയാണ് ഉദ്ദേശിക്കുന്നതെങ്കിൽ അത് അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അസംഭവ്യമല്ല. എന്തുകൊണ്ടെന്നാൽ അല്ലാഹു സ്വയം സമ്പൂർണനും അവന്റെ മഹത്വത്തിന് യോജിക്കുന്ന നിലയിൽ എല്ലാ വിശേഷണങ്ങളാലും അവൻ മഹത്വമുള്ള വനുമാകുന്നു.

പക്ഷേ, ദേഹം (الجسم) എന്ന വചനം വാസ്തവവും അവാസ്തവുമായ അർഥങ്ങൾ വരാൻ സാധ്യതയുള്ളതിനാൽ പൊതുവെ ഇത് അല്ലാഹുവിലേക്ക് ചേർത്തുപറയാൻ പാടില്ലാത്തതാകുന്നു.

അല്ലാഹു അവന്ന് ഉള്ളതായി സ്ഥിരീകരിച്ച പരിപൂർണമായ വിശേഷണങ്ങളെ നിഷേധിക്കുന്നതിന് ബിദ്അത്തിന്റെ വക്താക്കൾ പറഞ്ഞ ന്യായങ്ങൾ രണ്ടുവിധമാണ്.

ഒന്ന്: അല്ലാഹുവിന്റെ പരിപൂർണതയുടെ എതിരാകാത്തവ. അത് സ്വീകാര്യമായ യാഥാർഥ്യമാകുന്നു. അത് അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം അസംഭവ്യമല്ല എന്നും വിശദമാക്കേണ്ടതുണ്ട്.

രണ്ട്: അല്ലാഹുവിന്റെ പരിപൂർണതയ്ക്ക് എതിരാവുന്നവ. ഇത് അസത്യമായതിനാൽ നിഷേധിക്കൽ നിർബന്ധമാകുന്നു. അതോടൊപ്പം അവ വിശുദ്ധഖുർആനിനും സുന്നത്തിനും കടകവിരുദ്ധമാണെന്ന് വ്യക്തമാക്കേണ്ടതുണ്ട്. കാരണം അവ രണ്ടും അതിന്റെ ആശയങ്ങളും യാഥാർത്ഥ്യങ്ങളാകുന്നു. യഥാർത്ഥമായ കാര്യത്തിൽ നിന്നൊരിക്കലും അയഥാർത്ഥ്യ മുണ്ടാകുക പാടില്ലാത്തതാണല്ലോ.

അല്ലാഹുവിന്റെ സിംഹാസനാരോഹണത്തെ അതിന്മേലുള്ള അവന്റെ ഔന്നത്യമെന്ന് വിവരിച്ചാൽ അല്ലാഹുവിനെ വഹിക്കുക എന്ന ആവശ്യത്തിന്നായി അർശിന്റെ സഹായം ആവശ്യമായി വരും എന്ന തെറ്റുദ്ധാരണയുണ്ടായേക്കും എന്ന് വല്ലവരും പറഞ്ഞാൽ അതിനുള്ള മറുപടി: അല്ലാഹുവിന്റെ മഹാത്മ്യവും പരിപൂർണ ശക്തിയും അവന്റെ സ്വയം സമ്പൂർണതയും അറിയുന്ന ഏതൊരുവന്റെയും മനസ്സിൽ അല്ലാഹുവിനെ വഹിക്കേണ്ട ആവശ്യത്തിന്നായി അവന്ന് സിംഹാസനത്തിന്റെ ആവശ്യമുണ്ടെന്ന് തോന്നാൻ സാധ്യതയില്ല. എന്തുകൊണ്ടെന്നാൽ സിംഹാസനവും മറ്റുള്ള സൃഷ്ടികളുമെല്ലാം അവനിലേക്ക് ആവശ്യമുള്ളവരും, അവനെക്കൂടാതെ ഒന്നിനും നിലനിൽപില്ലാത്തതും, അവന്റെ കൽപനപ്രകാരം ആകാശവും ഭൂമിയും നിലനിന്നുവരുന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. എന്നിരിക്കെ പിന്നെങ്ങനെയാണിത്തരം സംശയങ്ങളുണ്ടാകുക?

അല്ലാഹുവിന്റെ വിശേഷണങ്ങളെ നിരാകരിക്കുന്ന നൂതന വാദികൾ വ്യാഖ്യാനിക്കു ന്നതുപോലെ استواء എന്ന പദത്തിന് استيلاء 'അധികാരമേറ്റു' എന്നർത്ഥം നൽകുന്നത് ശരിയാകുമോ? എന്ന ചോദ്യത്തിന് താഴെ പറയുന്ന കാരണങ്ങളാൽ ശരിയാകുകയില്ലെന്ന് വ്യക്തമാകുന്നു.

1) ഈ വാദങ്ങൾ സത്യമാണെങ്കിൽ استواء ന് അതിന്റെ യഥാർത്ഥ അർത്ഥം നല്കുന്നതിന് തടസ്സമാകുകയില്ല. ഇനി വ്യർഥമായ അർത്ഥമാണെങ്കിൽ ഖുർആനിന്റെയും സുന്നത്തി ന്റെയും പ്രമാണബന്ധമായ വ്യാഖ്യാനമാവുകയുമില്ല. അങ്ങനെ വല്ലവനും കരുതുന്നുവെങ്കിൽ അവൻ പിഴച്ചവനാകുന്നു.

2) استواء എന്നതിന് استيلاء അധികാരമേറ്റു എന്ന് വ്യാഖ്യാനിക്കൽ പൂർവികർ ഐക്യകണ്ഠേന നൽകിയ അർത്ഥത്തിന് വിപരീതവും അല്ലാഹുവിന്റെ മഹത്വത്തിന് നിരക്കാത്തതുമാകുന്നു. അവൻ ആകാശ ഭൂമികളെ സൃഷ്ടിച്ച സമയം സിഹാസനത്തിൽ ആരോഹിതനല്ലെന്നും അവൻ ഭൂമിയിലുപവിഷ്ടമായി എന്നു പറയാൻ സാധ്യതയുമു ള്ളതിനാലും ഈ വ്യാഖ്യാനം തള്ളിക്കളയേണ്ടതാകുന്നു.

3) استيلاء (അധികാരമേറ്റു/ആധിപത്യം സ്ഥാപിച്ചു) എന്ന അർത്ഥത്തിൽ ആ പദത്തെ വ്യാഖ്യാനിക്കൽ അറബീ ഭാഷയ്ക്ക് അജ്ഞാതമാണ്. അത് ശുദ്ധഅസംബദ്ധവുമാണ്. ഖുർആൻ അവതരിച്ചത് അറബിഭാഷയിലാണ്. അറബി ഭാഷയ്ക്ക് അപരിചിതമായ രീതിയിൽ അതിനെ വ്യാഖ്യാനിക്കാവതല്ല.

4) ‘استواء എന്നതിന് استيلاء അധികാരമേറ്റു എന്ന് വ്യാഖ്യാനിച്ചവർ അത് ആലങ്കാരികം (مجازيٌّ) ആണെന്ന് സമ്മതിക്കുന്നവരാകുന്നു. എന്നാൽ നാലു കാര്യങ്ങൾ പൂർത്തിയാ യാലല്ലാതെ ആലങ്കാരികാർത്ഥം ഉദ്ദേശിക്കാൻ പാടില്ല എന്നത് അലങ്കാരശാസ്ത്രത്തിൽ അംഗീകൃതമായ നിയമമാകുന്നു.

ഒന്ന്: വാചകത്തിന്റെ യഥാർഥ അർഥം മാറ്റി ആലങ്കാരികാർത്ഥം (مجازيٌّ) നൽകേണ്ട വ്യക്തമായ കാരണം വാചകഘടന ആവശ്യപ്പെടണം.

രണ്ട്: ഭാഷാപരമായി പദത്തിന് ആലങ്കാരികം സ്വീകരിക്കാൻ സാധ്യതയുള്ളതായിരിക്കണം.

മൂന്ന്: വാചകത്തിന്റെ സന്ദർഭം ആലങ്കാരികാർഥം സ്വീകരിക്കാൻ സാധ്യതയുള്ള തായിരിക്കണം. കാരണം വാചകത്തെ ഉപയോഗിക്കുമ്പോഴെല്ലാം വാചകത്തിന്റെ ഘടനയിൽ ആലങ്കാരികാർത്ഥം സ്വീകരിക്കൽ അനിവാര്യമാകുന്നില്ല. എന്തുകൊണ്ടെന്നാൽ പദങ്ങളുടെ സന്ദർഭങ്ങളും സാഹചര്യങ്ങളും വാചകത്തിൽ വ്യാഖ്യാന സാധ്യതയുള്ള അർത്ഥം നല്കാൻ ചില സന്ദർഭങ്ങളിൽ തടസ്സമാകാറുണ്ട്.

നാല്: ആലങ്കാരികാർത്ഥത്തിന്റെ ലക്ഷ്യം ഇന്നതാണെന്ന് വ്യക്തമായിരിക്കണം. കാരണം ഉദ്ദേശ്യ ലക്ഷ്യം മറ്റൊന്നാകാൻ സാധ്യതയുള്ളതിനാൽ ലക്ഷ്യം വ്യക്തമാക്കുന്ന തെളിവ് കൂടിയേ തീരൂ. والله أعلم

العرش എന്നാൽ ഭാഷയിൽ സിംഹാസനമെന്നാണ്. യൂസുഫ് നബി(ﷺ)യെക്കുറിച്ച് ഖുർആനിൽ പറയുന്നു:

وَرَفَعَ أَبَوَيْهِ عَلَى ٱلْعَرْشِ

അദ്ദേഹം തന്റെ മാതാപിതാക്കളെ രാജപീഠത്തിന്മേൽ കയറ്റിയിരുത്തി (യൂസുഫ്:100).

സബഇലെ രാജ്ഞിയെക്കുറിച്ച് അല്ലാഹു (ﷻ) പറയുന്നു:

وَلَهَا عَرْشٌ عَظِيمٌ

അവൾക്ക് ഗംഭീരമായ ഒരു സിംഹാസനമുണ്ട്. (അന്നംല്:23)

എന്നാൽ അല്ലാഹു (ﷻ) ആരോഹിതനായ സിംഹാസനമാകട്ടെ എല്ലാ സൃഷ്ടികളെയും വലയം ചെയ്തുകിടക്കുന്ന ഒരു മഹാസിംഹാസനമാകുന്നു. അത് എല്ലാ സൃഷ്ടികളെക്കാളും ഉന്നതവും വലിയതുമാകുന്നു. അബൂദർറ് (رضي الله عنه) നിവേദനം ചെയ്യുന്ന ഒരു നബിവചനത്തിൽ പറയുന്നു:

ما السموات السبع والأرَضون السبعُ عند الكرسي إلا كحلقة ملقاة في أرض فَلاة، وإن فضل العرش على الكرسي كفضل الفلاة على تلك الحلقة

ഏഴാകാശങ്ങളും ഏഴു ഭൂമികളും അല്ലാഹുവിന്റെ കുർസിയുമായി ബന്ധപ്പെടുത്തുമ്പോൾ അവ വിശാലമായ മരുഭൂമിയിൽ കിടക്കുന്ന ഒരു വളയത്തെ പോലെമാത്രമാണ്.

അല്ലാഹുവിന്റെ കുർസിയേക്കാൾ അവന്റെ സിംഹാസനത്തിന്റെ ശ്രേഷ്ഠത വിശാലമായ മരുഭൂമിയിൽ കിടക്കുന്ന ഒരു വളയത്തെപോലെയാകുന്നു.

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ (رحمه الله)യുടെ മജ്മൂഉ ഫതാവയിൽ الرسالة العرشية എന്ന അധ്യായത്തിൽ ഈ ഹദീസ് ഉദ്ധരിച്ചശേഷം പറയുന്നു.

والحديثُ له طرق، وقد رواه أبو حاتم وابنُ حبانَ في صحيحه وأحمدُ في المسند وغيرُهم

ഈ ഹദീസ് വിവിധ പരമ്പരയിലൂടെ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. ഇമാം അബൂഹാതിം (رحمه الله), ഇമാം ഇബ്നുഹിബ്ബാൻ (رحمه الله) തന്റെ സ്വഹീഹിലും, ഇമാം അഹ്മദ് (رحمه الله) മുസ്നദിലും മറ്റു പലരും ഉദ്ധരിച്ചിരിക്കുന്നു.[1]

الكرسي എന്നാൽ ഭാഷയിൽ കസേര/പീഠം എന്നാണർത്ഥം. എന്നാൽ അല്ലാഹുവിന്റെ കുർസി എന്ന് പറയപ്പെടുന്നത് അവന്റെ രണ്ടു കാൽപാദങ്ങളുടെ സ്ഥാനമാണ്. അഥവാ (പാദപീഠം) ഇബ്നുഅബ്ബാസ്(رضي الله عنه) പറയുന്നു:

الكرسي موضع القدمين، والعرش لا يَقْدِرُ قَدْرَه إلا الله ﷻ

*'കുർസി'* എന്നാൽ അല്ലാഹുവിന്റെ രണ്ടു കാൽപാദങ്ങളുടെ പീഠമാണ്. *'അർശ്'* എന്നാൽ അതിനെ അളക്കാൻ അല്ലാഹുവിനല്ലാതെ കഴിയുകയില്ല. (ഹാകിം മുസ്തദ്റക്:3071 അദ്ദേഹം പറയുന്നു: ഈ ഹദീസ് ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും അവരുടെ നിബന്ധനകൾ ഒത്തതാണ്.)

അല്ലാഹുവിന്റെ കുർസിയ്യിനെക്കുറിച്ച് ഇബ്നുഅബ്ബാസ്(رضي الله عنه)വിൽ നിന്നുദ്ധരിക്കപ്പെട്ട ഈ വചനമാണ് അഹ്‌ലുസ്സുന്നത്തി വൽജമാഅയുടെ പ്രബലമായ വിശ്വാസം. എന്നാൽ അത് അല്ലാഹുവിന്റെ ജ്ഞാനമാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള അഭിപ്രായം സ്വീകാര്യമല്ല. അപ്രകാരം ഹസൻ(رضي الله عنه)വിൽ നിന്നും അല്ലാഹുവിന്റെ കുർസി തന്നെയാണ് അർശ് എന്നുദ്ധരിക്ക പ്പെട്ടിട്ടുള്ളത് ദുർബലവും അസ്വീകാര്യവുമാകുന്നുവെന്ന് ഇമാം ഇബ്നു കഥീർ (رحمه الله) പറയുന്നു.

[1] ഗ്രന്ഥകാരനുദ്ധരിച്ച ഹദീസ് ദുർബലമാണെന്ന് ശൈഖ് അൽബാനി (رحمه الله) വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇതേ ആശയംവരുന്ന മറ്റൊരു നബിവചനം ചില വ്യത്യാസങ്ങളോട സ്വഹീഹായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. സിൽസിലത്തുസ്സ്വഹീഹഃ 109-ാം നമ്പർ ഹദീസ് നോക്കുക.